**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4291** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ നവീകരണം നടത്തുന്ന വേളയിൽ പൊതുമരാമത്ത് വകുപ്പ് തുക അടച്ചാൽ മാത്രമേ വൈദ്യുതി പോസ്റ്റുകൾ കെ.എസ്.ഇ.ബി. മാറ്റി നൽകേണ്ടതുള്ളൂ എന്ന് വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | വ്യവസ്ഥയുണ്ട്. പോസ്റ്റുകൾ മാറ്റുന്നതിനായുള്ള അപേക്ഷ ലഭിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ബന്ധപ്പെട്ട വകുപ്പ് ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചു നൽകുവാനും മാത്രമേ നിലവിലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 അനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-നു സാധിക്കുകയുള്ളു. പൊതുമരാമത്ത് റോഡ് വികസിപ്പിക്കുന്നതിന്റെ അവിഭാജ്യ ഭാഗമായ ചെലവുകൾ വൈദ്യുതി വിതരണത്തിന്റെ ചെലവിൽപെടുത്തി വസൂലാക്കാൻ വ്യവസ്ഥയില്ല. അതത് വകുപ്പുകൾ/ എജൻസികൾ തന്നെ ചെലവുകൾ വഹിക്കേണ്ടതാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന വേളയിൽ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകൾ വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. സ്വന്തം ചെലവിൽ മാറ്റി സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | വ്യവസ്ഥയുണ്ട്. പോസ്റ്റുകൾ മാറ്റുന്നതിനായുള്ള അപേക്ഷ ലഭിക്കുമ്പോൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ബന്ധപ്പെട്ട വകുപ്പ് ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചു നൽകുവാനും മാത്രമേ നിലവിലെ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 അനുസരിച്ച് കെ.എസ്.ഇ.ബി.എൽ.-നു സാധിക്കുകയുള്ളു. പൊതുമരാമത്ത് റോഡ് വികസിപ്പിക്കുന്നതിന്റെ അവിഭാജ്യ ഭാഗമായ ചെലവുകൾ വൈദ്യുതി വിതരണത്തിന്റെ ചെലവിൽപെടുത്തി വസൂലാക്കാൻ വ്യവസ്ഥയില്ല. അതത് വകുപ്പുകൾ/ എജൻസികൾ തന്നെ ചെലവുകൾ വഹിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ